# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുറ്റൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.പിറ്റിഎ.പി 4 - 609/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 16/10/2021
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുറ്റൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പിറ്റിഎ.പി 4 - 609/2021 തീയ്യതി: 16/10/2021

## പത്തനംതിട്ട ജില്ലയിലെ കുറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ കുറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 27-06-2019 മുതൽ 31-07-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പി.കെ.വിജയലക്ഷ്മി | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 09-08-2021 | 31-08-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 09-08-2021 | 31-08-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ വി.കെ.രഞ്ജീവ്, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീ അരുൺ പി.ബി., സീനി.ഗ്രേഡ് ഓഡിറ്റർ
ശ്രീ അനിൽകുമാർ പി., സീനി.ഗ്രേഡ് ഓഡിറ്റർ
ശ്രീ സുനിൽകുമാർ യു.എസ്., ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്രീലേഖ രഘുനാഥ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി ഷീബ കെ.എസ് | സെക്രട്ടറി | 01-04-2019 | 05-07-2019 |
| ശ്രീമതി രേഖ | സെക്രട്ടറി | 05-07-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ അലക്സാണ്ടർ എം | അസ്സി.സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീ ജയൻ റ്റി.വൈ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.ജോതീന്ദ്രൻ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 01-04-2019 | 31-03-2020 |
| ഡോ.റൊനാൾഡ് റോസ് | മെഡിക്കൽ ഓഫീസർ ആയൂർവേദം | 01-04-2019 | 05-07-2019 |
| ഡോ.സുനിൽ എസ് | മെഡിക്കൽ ഓഫീസർ ആയൂർവേദം | 05-07-2019 | 31-03-2020 |
| ഡോ ദീപ കെ.എസ് | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2019 | 31-03-2020 |
| ശ്രീ ജിജി ജഗന്നാഥൻ | വെറ്ററിനറി സർജൻ | 01-04-2019 | 13-12-2019 |
| ശ്രീ അനീഷ് രാജ് | വെറ്ററിനറി സർജൻ | 14-12-2019 | 31-03-2020 |
| ശ്രീമതി പ്രീതി മേരി ഉമ്മൻ | വെറ്ററിനറി സർജൻ | 25-09-2020 | 31-03-2021 |
| ശ്രീ ലിജോ സൈമൺ | വി.ഇ.ഒ | 01-04-2019 | 17-07-2019 |
| ശ്രീ ജുൾഫിൻ എ യോഗി | വി.ഇ.ഒ | 18-07-2019 | 31-03-2020 |
| ശ്രീമതി ദീപ്തി എസ് | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| ശ്രീമതി ഉഷാകുമാരി | ഹെഡ്മിസ്ട്രസ്സ് | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| എം | | | |
| ശ്രീമതി ഷീബ.ഡബ്ല്യൂ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 18-07-2019 |
| ശ്രീമതി ബിന്ദു ദേവി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-08-2019 | 31-03-2020 |
| ശ്രീമതി മെഹ്റുന്നീസ ബീഗം | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 06-12-2019 |
| ശ്രീമതി പുഷ്പകുമാരി എൽ.കെ. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 07-12-2019 | 31-03-2020 |
| ശ്രീ ജലീം എസ് | അസ്സി.എഞ്ചിനീയർ | 01-04-2019 | 06-08-2019 |
| ശ്രീ വിപിൻകൃഷ്ണ | അസ്സി.എഞ്ചിനീയർ | 07-08-2019 | 31-03-2020 |

<u>ഉള്ളടക്കം</u>



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sunilkumar.U.S (Auditor, On 30-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 30-09-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Sunilkumar.U.S (Auditor, On 30-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 30-09-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Sunilkumar.U.S (Auditor, On 30-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 30-09-2021) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Sunilkumar.U.S (Auditor, On 30-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 30-09-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Sunilkumar.U.S (Auditor, On 30-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 30-09-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Sunilkumar.U.S (Auditor, On 30-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 30-09-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Sunilkumar.U.S (Auditor, On 30-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 30-09-2021) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Sunilkumar.U.S (Auditor, On 30-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 30-09-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Ranjeev V.K (Audit Officer (HG), On 01-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 30-09-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sunilkumar.U.S (Auditor, On 30-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 30-09-2021) | 1-10 |
| 11 | ഇ ടെണ്ടർ ഫാറവില ഈടാക്കിയില്ല<br>Written By: Ranjeev V.K (Audit Officer (HG), On 31-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 30-09-2021) | 1-11 |
| 12 | ടാർ ബാരൽ വില ഈടാക്കിയില്ല<br>Written By: Ranjeev V.K (Audit Officer (HG), On 31-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 30-09-2021) | 1-12 |
| 13 | എ.ബി.സി പ്രോഗ്രാം-വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല<br>Written By: Arun P B (Senior Grade Auditor, On 31-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 30-09-2021) | 1-13 |
| 14 | വസ്തുനികുതി ഇനത്തിൽ ഈടാക്കാൻ അവശേഷിക്കുന്നത് 5,08,086 രൂപ<br>Written By: Sunilkumar.U.S (Auditor, On 30-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 30-09-2021) | 1-14 |
| 15 | റേഷൻ റീട്ടെയിൽ വ്യാപാരികളുടെ തൊഴിൽനികുതി, റേഷൻകടകളുടെ ലൈസൻസ് ഫീസ് എന്നിവ ഈടാക്കുന്നില്ല.<br>Written By: Sunilkumar.U.S (Auditor, On 30-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 30-09-2021) | 1-15 |
| 16 | പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അംഗീകാരം ഇല്ലാതെ പി.എച്ച്.സി-യിലേക്ക് ലാബ് റീഏജന്റുകൾ വാങ്ങി | 1-16 |

| | | |
|---|---|---|
| | Written By: Arun P B (Senior Grade Auditor, On 31-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 16-10-2021) | |
| 17 | പാലിയേറ്റീവ് കെയർ പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Arun P B (Senior Grade Auditor, On 31-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 30-09-2021) | 1-17 |
| 18 | അങ്കണവാടിക്ക് ആധുനിക സൗകര്യങ്ങൾ-നടപടിക്രമങ്ങൾ പാലിച്ചില്ല<br>Written By: Sunilkumar.U.S (Auditor, On 29-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 01-10-2021) | 1-18 |
| 19 | പ്രോജക്ടുകൾ നടപ്പാക്കിയില്ല -സർക്കാർ ഫണ്ട് 2.18 കോടി നഷ്ടമായി<br>Written By: Ranjeev V.K (Audit Officer (HG), On 01-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 01-10-2021) | 1-19 |
| 20 | ഇടയാടി തോട് സംരക്ഷണം : എം.ബുക്കിലെ അളവിൽ കയർഭൂവസ്ത്രം വിരിച്ചില്ല<br>Written By: Ranjeev V.K (Audit Officer (HG), On 01-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 01-10-2021) | 1-20 |
| 21 | ടെണ്ടർ കുറവ് തിരിച്ചടച്ചു<br>Written By: Ranjeev V.K (Audit Officer (HG), On 31-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 01-10-2021) | 1-21 |
| **ഭാഗം 2** | | |
| 1 | ടാർ ബാരൽ വില ഈടാക്കിയില്ല<br>Written By: Joe M James (Computer Assistant, On 28-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 01-10-2021) | 2-1 |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Arun P B (Senior Grade Auditor, On 31-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 01-10-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Arun P B (Senior Grade Auditor, On 31-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 01-10-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Arun P B (Senior Grade Auditor, On 31-08-2021)<br>Last Updated By: Arun P B (Senior Grade Auditor, On 31-08-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Arun P B (Senior Grade Auditor, On 31-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 01-10-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Arun P B (Senior Grade Auditor, On 31-08-2021)<br>Last Updated By: Arun P B (Senior Grade Auditor, On 31-08-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Arun P B (Senior Grade Auditor, On 31-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 01-10-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Arun P B (Senior Grade Auditor, On 31-08-2021)<br>Last Updated By: Arun P B (Senior Grade Auditor, On 31-08-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Arun P B (Senior Grade Auditor, On 31-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 01-10-2021) | 4-8 |

| | | |
|---|---|---|
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Arun P B (Senior Grade Auditor, On 31-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 01-10-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Arun P B (Senior Grade Auditor, On 31-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 01-10-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Arun P B (Senior Grade Auditor, On 31-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 01-10-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

2019-20 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 27.02.2019 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 19.02.2021 ലെ III-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷിക ധനകാര്യ പത്രിക

വാർഷികധനകാര്യപത്രിക പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

1. ഷെഡ്യൂൾ ബി3 - ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ഇനത്തിൽ മുൻ വർഷത്തെ തുക തന്നെയാണ് കാണിച്ചിരിക്കുന്നത്. തൻവർഷം ആർജ്ജിച്ച ആസ്തികൾ ഉൾപ്പെട്ടില്ല.
2. ഷെഡ്യൂൾ ബി 15 - വാടകയിനത്തിലുള്ള കുടിശ്ശിക തുക, വാടക രജിസ്റ്ററിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.
3. ഷെഡ്യൂൾ ബി18 - 31.03.2014 മുതൽ വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത തുകകൾ ക്രമീകരിച്ചിട്ടില്ല.
4. ഷെഡ്യൂൾ ഐ1 & ആർ പി43 & ബി 15 വസ്തുനികുതി ഡിമാന്റ് , വരവ്, നീക്കിയിരിപ്പ് തുകകൾ സഞ്ചയയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 10931622 |
| വരവ് | 40138626 |
| ആകെ | 51070248 |
| ചെലവ് | 41113688 |
| നീക്കിയിരിപ്പ് | 9956560 |
| ചെലവ് നഷ്ടം | ഇല്ല |
| വരവ് നഷ്ടം | ഇല്ല |
| തടസ്സപ്പെടുത്തിയ തുക | 125748 |

### 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | ക്യൂബിൽ | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 8651059 | 8651059 | 6502495 | 693753 | 1454811 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 7165588 | 7165588 | 3393959 | 452761 | 3318868 |
| പ്രളയദുരിതാശ്വാസം | | | | | | |
| ജനറൽ | | 6298000 | 6298000 | ഇല്ല | | |
| എസ്.സി.പി. | | 1319000 | 1319000 | ഇല്ല | | |
| മെയിന്റനൻസ്, റോഡ് | 0 | 9865000 | 9865000 | 2732055 | 2040025 | 5092920 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 3251000 | 3251000 | 3052368 | 4500 | 194132 |
| സെൻട്രൽ | 0 | 7025732 | 7025732 | 2774704 | 566604 | |

| | | | | | |
|---|---|---|---|---|---|
| ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | | | | |

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| ഐ.സി.ഡി.എസ്. | | 225126 | | | |
| ഒ.ഡി.എഫ് | | 48000 | 48000 | 48000 | 0 |
| തൊഴിലുറപ്പ് പദ്ധതി | 13380 | 13950853 | 13963967 | | 266 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | |
| വിമുക്തി | 55000 | 0 | 55000 | 55000 | 0 |
| കേരളോത്സവം | 20000 | 0 | 20000 | 20000 | 0 |
| ശുചിത്വമിഷൻ ഗ്രാന്റ് | 1922606 | | | 369375 | 1553231 |
| ആശ്രയ ചലഞ്ച് ഫണ്ട് | 418497 | 503472 | 921969 | 921969 | 0 |

ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ ഗ്രാന്റ് വിനിയോഗ പത്രികയിൽ സംസ്ഥാനാവിഷ്കൃത/ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വരവ്, നീക്കിയിരിപ്പ് തുകകൾ രേഖപ്പെടുത്തിയിരിക്കുന്നത് കൃത്യമല്ല. ഇത് വാർഷികകണക്ക് പ്രകാരമുള്ള വരവ്, നീക്കിയിരിപ്പ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 207 | 71304742 | 94 | 25058123 | 35 | 107 | 35.14 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 13380 | 1031772 | 1045152 | 1044886 | 266 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 12623081 | 12623081 | 12623081 | 0 |
| 100 തൊഴിൽ ദിനം പൂർത്തിയാക്കിവർക്ക് നൽകിയ ബോണസ്സ് | | 296000 | 296000 | 296000 | |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 15120 | 12 |
| കർഷകതൊഴിലാളി പെൻഷൻ | 680400 | 176 |
| | | |

| | | |
|---|---|---|
| വിധവാപെൻഷൻ | 1915200 | 561 |
| വാർദ്ധക്യകാലപെൻഷൻ | 5797200 | 1615 |
| വികലാംഗപെൻഷൻ | 724500 | 207 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ | 48600 | 15 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.08.20210 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 22637 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഓഡിറ്റ് വർഷം സർക്കാർ ഫണ്ടുകൾ ചെലവഴിക്കുന്നതിൽ കാര്യക്ഷമത കുറഞ്ഞിട്ടുണ്ട്. പശ്ചാത്തല മേഖലയിൽ പ്രോജക്ട് നിർവ്വഹണത്തിൽ സമയക്രമം പാലിക്കാഞ്ഞതിനാൽ സർക്കാർ ഫണ്ടുകൾ രണ്ടു കോടിയിൽ അധികം നഷ്ടപ്പെട്ടു. പ്രോജക്ട് ആസൂത്രണത്തിലും നിർവ്വഹണത്തിലും സർക്കാർ മാർഗ്ഗനിർദേശങ്ങൾ പാലിക്കാഞ്ഞതും ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടേയും സ്ഥിരം സമിതികളുടേയും മേൽനോട്ട ഉത്തരവാദിത്തത്തിലുള്ള ആഭ്യന്തര നിയന്ത്രണത്തിൽ ജാഗ്രത കുറഞ്ഞതുമാണ് ഇതിന് ഒരു കാരണം.

എം.ജി.എൻ.ആർ.ഇ.ജി.എസി. ൽ വലിയ വീഴ്ചകൾ സംഭവിച്ചതും ആഭ്യന്തര നിയന്ത്രണത്തിലെ ദൗർബല്യങ്ങൾ കാരണമാണ്.

പശ്ചാത്തല മേഖലയിലെ പ്രോജക്ട് ഫയലുകൾ സൂക്ഷിക്കുന്നതിലും വീഴ്ചകൾ ഓഡിറ്റ് കണ്ടെത്തിയിട്ടുണ്ട്. അവശ്യരേഖകളില്ലാതെയാണ് മരാമത്ത് ഫയലുകൾ ഓഡിറ്റിന് സമർപ്പിച്ചത്.

ഗ്രാമപഞ്ചായത്ത് ഓഡിറ്റ് വർഷം പശ്ചാത്തല മേഖലയിൽ നടപ്പാക്കിയ മരാമത്ത് പ്രോജക്ടുകളുടെ ഫയലുകളിൽ പദ്ധതി നിർവഹണവും അതിന്റെ ചെലവഴിച്ച തുകയുടെ കൃത്യതയും സാക്ഷ്യപ്പെടുത്തുന്ന അവശ്യരേഖകളില്ല. മരാമത്ത് ഫയലുകളിൽ സൂക്ഷിക്കേണ്ട അവശ്യരേഖകൾ വ്യക്തമാക്കി ചീഫ് എഞ്ചിനിയർ സർക്കുലർ പുറപ്പെടുവിച്ചിരുന്നു. അതിൽ പറയുന്ന രേഖകൾ ഫയലിൽ സൂക്ഷിക്കാഞ്ഞത് ഗുരുതര വീഴ്ചയാണ്. എസ്റ്റിമേറ്റ് റിപ്പോർട്ട്, സൈറ്റ് പ്ലാൻ, വിശദമായ എസ്റ്റിമേറ്റ്, ടെൻഡർ ടാബുലേഷൻ ഷീറ്റ്, സെക്ഷൻ നോട്ടീസ്, പൂർത്തീകരണ സാക്ഷ്യപത്രം, മോണിട്ടറിംഗ് റിപ്പോർട്ട് എന്നിവയ്ക്ക് ഫയലുകളില്ല.

ഫയലിനൊപ്പം സൂക്ഷിച്ച എം.ബുക്കുകളിൽ മെമ്മോറാണ്ടം ഓഫ് പേമെന്റ് എഴുതി നിർവഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെട്ടിരുന്നില്ല. ഓഡിറ്റ് നിർദേശിച്ചതിനെ തുടർന്ന് നിർവഹണ ഉദ്യോഗസ്ഥൻ ഇത് എഴുതി സമർപ്പിച്ചു. അപ്പോഴും 2019-20ലെ 11 പ്രോജക്ടുകളുടെ എം ബുക്കിൽ ഇത് എഴുതിയിട്ടില്ല. മരാമത്ത് ബില്ലുകളിൽ ചെലവ് നടത്തുന്നതിന് മുമ്പ് ആഭ്യന്തര നിയന്ത്രണം കാര്യക്ഷമമാക്കുന്നതിന് ഫയലിൽ അവശ്യരേഖകൾ ഉണ്ടെന്ന് വികസനം, ധനം എന്നീ സ്ഥിരം സമിതികൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 06.02.2020 To 07.02.2020 | 10/2019 To 01/2020 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25.01.2014 07.02.2014 | 2008-09 To 2012-13 | 21.04.2014 |

## 1-11 ഇ ടെണ്ടർ ഫാറവില ഈടാക്കിയില്ല

2019 - 2020 ലെ തനത് വരവായ ഇ ടെണ്ടർ ഫാറവില 10150 രൂപ എൽ.എസ്.ജി.ഡി.(ജില്ല പഞ്ചായത്ത്)

എക്സി.എഞ്ചിനിയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് ഈടാക്കിയില്ല. പശ്ചാത്തലമേഖലയിൽ ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്ത് ഇ ടെണ്ടർ വഴി നടപ്പാക്കിയ മരാമത്ത് പ്രോജക്ടുകളുടെ ടെണ്ടർ ഫാറവിലയാണിത്. തുക എത്രയും വേഗം ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് ഈടാക്കേണ്ടതാണ്. ഓഡിറ്റ് അന്വേഷണത്തിന് (04/19-20,13.08.21)) മറുപടിയായി അസി.എഞ്ചിനിയർ സമർപ്പിച്ച സർക്കാർ ഇ ടെണ്ടറിംഗ് സംവിധാനത്തിൽ നിന്നുള്ള സ്ഥാപനതല പിരിവ് വിവരണവും ഇളകൂറ്റർ പനച്ചയിൽപടി റോഡ് റീടാറിംഗ് എന്ന പ്രോജക്ടിന്റെ (26/19) ഫയലിലെ ഇ ടെണ്ടർ രേഖകളും അടിസ്ഥാനമാക്കിയാണ് 19-20 ലെ ഈടാക്കാനുള്ള ഫാറവില 10150രൂപ ഓഡിറ്റ് നിർണയിച്ചത്. ഇതിന്റെ കണക്ക് ഗ്രാമപഞ്ചായത്ത് സൂക്ഷിക്കുന്നില്ല.

അസി.എഞ്ചിനിയറുടെ മറുപടിയിൽ നിന്നും മുൻ വർഷങ്ങളിൽ ലഭിക്കാനുള്ള ഇ ടെണ്ടർ ഫോറവിലയുടെ കണക്ക് ഗ്രാമപഞ്ചായത്ത് സൂക്ഷിക്കുന്നില്ലെന്ന് വ്യക്തമാണ്. അതിനാൽ ജില്ലാപഞ്ചായത്ത് എക്സി.എഞ്ചിനിയറിൽ നിന്ന് ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള (മുൻ വർഷങ്ങളിലേത് ഉൾപ്പെടെ) ഇ ടെണ്ടർ ഫോറ വിലയുടെ കണക്ക് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഇ ടെണ്ടറിന്റെ പണവിനിമയം ഗ്രാമപഞ്ചായത്തിൽ തന്നെ സാധ്യമാക്കുവാൻ സർക്കാർ ഉത്തരവ് നിർദേശിച്ച ബാങ്ക് അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്. എന്നാൽ ഈ അക്കൗണ്ട് ഇ ടെണ്ടർ സംവിധാനവുമായി മാപ്പ് ചെയ്തിട്ടില്ല. അതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്ഥിരം സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-12 ടാർ ബാരൽ വില ഈടാക്കിയില്ല

## വിശദവിവരങ്ങൾക്ക് ഈ റിപ്പോർട്ടിന്റെ ഭാഗം 2 ഖണ്ഡിക 2-1 ലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

## 1-13 എ.ബി.സി പ്രോഗ്രാം-വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല

വെറ്റിനറി സർജ്ജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി ഓഡിറ്റ് വർഷം വികസന ഫണ്ട് ഇനത്തിൽ 1,00,000 രൂപയും (ബിൽ നം.16/19-20/18.10.19) തനത് ഫണ്ട് ഇനത്തിൽ 5000 രൂപയും (ചെക്ക് നം.2735890/26.11.19) അടക്കം ആകെ 105000 രൂപ ആനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാമിനായി ചെലവഴിച്ചിട്ടുണ്ട്. തുക ABC പ്രോഗ്രാമിന്റെ ജില്ലാ മിഷൻ കോർഡിനേറ്ററുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുമുണ്ട്. എന്നാൽ ടി തുക കൂറ്റൂർ ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ പദ്ധതിയുടെ നിർവ്വഹണത്തിനായി വിനിയോഗിച്ചിട്ടുണ്ടെന്നുള്ള സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റ് പരാമർശം തീർപ്പാക്കേണ്ടതാണ്.

## 1-14 വസ്തുനികുതി ഇനത്തിൽ ഈടാക്കാൻ അവശേഷിക്കുന്നത് 5,08,086 രൂപ

ഗ്രാമപഞ്ചായത്തിന്റെ പ്രധാന നികുതി വരുമാനമാണ് വസ്തുനികുതി. ഈ ഇനത്തിൽ 2019-20 സാമ്പത്തിക വർഷം 5,08,086 രൂപ ഈടാക്കാൻ അവശേഷിക്കുന്നുണ്ട്. വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| Receivables For Property Tax On Residential Building (Current) | 237331 |
| Receivables For Property Tax On Residential Building (Arrear) | 86208 |
| Receivables For Property Tax On Non-Residential Building (Current) | 83173 |
| Receivables For Property Tax Non- Residential Building (Arrear) | 101374 |
| Total | 508086 |

വസ്തുനികുതി പിരിവിൽ മുൻകാലങ്ങളെ അപേക്ഷിച്ച് പുരോഗതി ഉണ്ടെങ്കിലും പിരിവ് ശതമാനം 100 ലേക്ക് എത്തിക്കാൻ സാധിച്ചിട്ടില്ല. പഞ്ചായത്തിന്റെ ഭരണഘടനാപരമായ ചുമതലകളും ദൈനം ദിന പ്രവർത്തനങ്ങളും നിർവ്വഹിക്കുന്നതിന് തനത് ഫണ്ട് വർദ്ധിപ്പിക്കേണ്ടത് അനിവാര്യമായതിനാൽ ഈ ഇനത്തിൽ ഈടാക്കാൻ അവശേഷിക്കുന്ന തുക ഈടാക്കി തനത്ഫണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

## 1-15 റേഷൻ റീട്ടെയിൽ വ്യാപാരികളുടെ തൊഴിൽനികുതി, റേഷൻകടകളുടെ ലൈസൻസ് ഫീസ് എന്നിവ ഈടാക്കുന്നില്ല.

ഗ്രാമപ്പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷം 60 ദിവസത്തിൽ കുറയാതെ തൊഴിലെടുക്കുകയും ചട്ടത്തിൽ പറയും പ്രകാരമുള്ള നിശ്ചിത വേതനം കൈപ്പറ്റുകയും ചെയ്യുന്ന എല്ലാവരും തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥനാണ്. എന്നാൽ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന റേഷൻ റീട്ടെയിൽ ഉടമകളുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത്

ഈടാക്കുന്നതിന് പഞ്ചായത്ത് നടപടിയെടുക്കുന്നില്ല. നിലവിൽ റേഷൻ റീട്ടെയിൽ വ്യാപാരികൾക്ക് കമ്മീഷൻ കൂടാതെതന്നെ കുറഞ്ഞ വേതനമായി 18000 രൂപ സർക്കാർ നൽകുന്നുണ്ട്. ആയതിനാൽ നിശ്ചയമായും റേഷൻ വ്യാപാരികൾ നികുതി ഒടുക്കാൻ ബാധ്യസ്ഥരാണ്. കുറഞ്ഞ വേതനമായ 18000 പ്രതിമാസ വരുമാനമായി കണക്കാക്കിയാലും 2000 രൂപ വീതം ഉടമകളിൽ നിന്നും പ്രതിവർഷം നികുതിയായി ഈടാക്കേണ്ടതാണ്. മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഇത് സംബന്ധിച്ച പരാമർശിച്ചിട്ടുണ്ടെങ്കിലും നികുതി ഈടാക്കുന്നതിന് യാതൊന്നും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ലൈസൻസ് ചട്ടങ്ങളിൽ, ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ 14 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇവയൊന്നും തന്നെ പഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുത്തിട്ടില്ലെന്ന് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വ്യക്തമായിട്ടുണ്ട്.

റേഷൻ കട ഉടമകളെ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയുകയില്ലായെന്ന് 22.01.19-ലെ (സി.എസ്.)എ9-764/2019 നമ്പർ കത്ത് പ്രകാരം സിവിൽ സപ്ലൈസ് ഡയറക്ടർ സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുണ്ട്. റേഷൻകടകളിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അംഗീകാരം ഇല്ലാതെ പി.എച്ച്.സി-യിലേക്ക് ലാബ് റീഏജന്റുകൾ വാങ്ങി

പി.എച്ച്.സി-യിലേക്ക് ലാബ് റീഏജന്റുകൾ വാങ്ങുന്നതിന് (പ്രോജക്ട് നം. 78/20) റോഡിതര മെയിന്റനൻസ് ഗ്രാന്റ് (1,00,000) വകയിരുത്തി പദ്ധതി രൂപീകരിക്കുകയും 65,364 രൂപ (ബിൽ നം. 15/07.02.20) ചെലവഴിക്കുകയും ചെയ്തു. ക്വട്ടേഷൻ ക്ഷണിച്ചതിൽ വിവിധ ഇനങ്ങൾക്ക് കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ 4 സ്ഥാപനങ്ങളിൽ നിന്നാണ് ലാബ് റീഏജന്റുകൾ വാങ്ങിയിട്ടുള്ളത്. എന്നാൽ ക്വട്ടേഷൻ നടപടികൾ പ്രൊക്യൂർമെന്റ് കമ്മിറ്റിയോ ഗ്രാമപഞ്ചായത്ത് ജനറൽ കമ്മിറ്റിയോ അംഗീകരിച്ചതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിരുന്നില്ല. ഇവ പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം.03/12.08.21) അടിസ്ഥാനത്തിൽ ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ, ടി ക്വട്ടേഷൻ നടപടികൾക്ക് പ്രൊക്യുവർമെന്റ് കമ്മിറ്റിയിൽ നിന്നോ പഞ്ചായത്ത് കമ്മിറ്റിയിൽ നിന്നോ അംഗീകാരം നേടിയിട്ടില്ല. ഏറ്റെടുത്ത് നടപ്പാക്കുന്ന എല്ലാ വാങ്ങൽ നടപടികൾക്കും അംഗീകാരം ലഭ്യമാക്കിയതിനുശേഷം മാത്രം പദ്ധതികൾ നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-17 പാലിയേറ്റീവ് കെയർ പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

(1) പാലിയേറ്റീവ് കെയർ പദ്ധതിയുടെ ഭാഗമായി (പ്രോജക്ട് നം. 68/20) ഹോം കെയർ ടീമിന് ഗൃഹ സന്ദർശനം നടത്തുന്നതിന് ഒരു വാഹനം ദിവസ വാടകയ്ക്ക് എടുത്തിട്ടുണ്ട്. ക്വട്ടേഷൻ നടപടിയിലൂടെയാണ് വാഹനം വാടകയ്ക്ക് എടുത്തിട്ടുള്ളത്. പദ്ധതിയുടെ ഭാഗമായി വാഹന വാടകയിനത്തിൽ തൻവർഷം 1,12,000 രൂപയും നൽകിയിട്ടുണ്ട്. എന്നാൽ വാഹനം ഓടിയത് സംബന്ധിച്ച ട്രിപ് ഷീറ്റ് വാങ്ങി നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്താതെയാണ് തുക അനുവദിച്ച് നൽകിയിട്ടുള്ളത്. തുടർ വർഷങ്ങളിൽ പദ്ധതിയുടെ നിർവ്വഹണം നടത്തുമ്പോൾ വാഹനത്തിന്റെ ട്രിപ്പ് ഷീറ്റ് വാങ്ങി ഫയലിൽ സൂക്ഷിച്ചതിന് ശേഷം മാത്രം ചെലവ് തുക അനുവദിച്ച് നൽകേണ്ടതാണ്.

(2) പദ്ധതിയുടെ ഭാഗമായി മരുന്ന് വാങ്ങുന്നതിന് 10,60,200 രൂപയും പാലിയേറ്റീവ് കെയർ ഉപകരണങ്ങൾ വാങ്ങുന്നതിന് 99,501 രൂപയും KMSCL-ന് മുൻകൂറായി നൽകിയിട്ടുണ്ട്. ഇതിൽ 2,31,531 രൂപയുടെ മരുന്നുകളും 17,322 രൂപയുടെ ഉപകരണങ്ങളും ലഭിക്കുവാൻ അവശേഷിക്കുന്നു. ലഭിക്കുവാൻ അവശേഷിക്കുന്ന മരുന്നും ഉപകരണങ്ങളും അടിയന്തിരമായി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-18 അങ്കണവാടിക്ക് ആധുനിക സൗകര്യങ്ങൾ-നടപടിക്രമങ്ങൾ പാലിച്ചില്ല

അങ്കണവാടിക്ക് ആധുനിക സൗകര്യങ്ങൾ ഒരുക്കൽ എന്ന പദ്ധതി പ്രകാരം 54-ാം നമ്പർ അംഗൻവാടിക്ക് Projector,Ceilingmount Kit,Waterpurifier, Air Conditioner എന്നിവ സ്ഥാപിക്കുന്നതിന് തനത് ഫണ്ടിൽ നിന്നും 1,50,000രൂപ വകയിരുത്തി ആവിഷ്കരിച്ച പദ്ധതിക്കായി 1,03,900 രൂപ (ചെക്ക് നം-2735887/14.11.2019) ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി അങ്കണവാടിയിൽ എയർ കണ്ടീഷനർ സ്ഥാപിക്കുന്നതിന് 35658 രൂപ

ചെലവഴിച്ചിട്ടുണ്ട്. എന്നാൽ അങ്കണവാടികളിൽ ശീതികരണ സംവിധാനം ഒരുക്കുന്നതിനുള്ള പദ്ധതികൾ ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുത്ത് നടപ്പാക്കരുതെന്ന് 12.07.2017, 19.10.2017 തീയതികളിലെ കോർഡിനേഷൻ കമ്മിറ്റി പൊതുതീരുമാനമെടുത്ത് തദ്ദേശ സ്വയംഭരണ വകുപ്പിനെ അറിയിച്ചിട്ടുള്ളതാണ്. അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, ചുറ്റുമതിൽ, കുടിവെള്ളം, ഫർണ്ണിച്ചർ, മറ്റ് ഭൗതിക സൗകര്യങ്ങൾ എന്നിവ പ്രദാനം ചെയ്ത് ബാലസൗഹൃദ അങ്കണവാടികൾ യാഥാർത്ഥ്യമാക്കുന്നതിനുള്ള പദ്ധതികൾക്ക് പ്രാധാന്യം നൽകണമെന്നാണ് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ളത്. പദ്ധതി മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ലാത്ത ഇത്തരം പദ്ധതികൾ നൂതന പദ്ധതികളായി ഉൾപ്പെടുത്തി ജില്ലാ കളക്ടർ അധ്യക്ഷനായ വിദഗ്ധ സമിതിയുടെ അംഗീകാരം വാങ്ങിയ ശേഷമേ നടപ്പാക്കാവൂ. കോർഡിനേഷൻ സമിതിയിൽനിന്നോ സർക്കാരിൽ നിന്നോ സ്പഷ്ടീകരണം ലഭ്യമാക്കുന്നതാണെന്ന് അപാകത ചൂണ്ടികാണിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് (14/25.08.2021) നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കി. കോർഡിനേഷൻ കമ്മറ്റിയുടെയോ വിദഗ്ധ സമിതിയുടെയോ അംഗീകാരം ഇല്ലാതെ എയർ കണ്ടീഷണൻ സംവിധാനം സ്ഥാപിക്കുന്നതിന് ചെലവഴിച്ച 35658 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-19 പ്രോജക്ടുകൾ നടപ്പാക്കിയില്ല -സർക്കാർ ഫണ്ട് 2.18 കോടി നഷ്ടമായി

പശ്ചാത്തല മേഖലയിൽ അംഗീകരിച്ച പ്രോജക്ടുകൾ നടപ്പാക്കാതെ സർക്കാർ ഫണ്ട് 21822925 രൂപ ഗ്രാമപഞ്ചായത്ത് നഷ്ടപ്പെടുത്തി.

2019-20ൽ പൊതുവിഭാഗം വികസനഫണ്ട്, എസ്.സി.പി, ടി.എസ്.പി ഫണ്ട്, റോഡ് / റോഡിതര മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃതഫണ്ട്, ബ്ളോക്ക്, ജില്ലാപഞ്ചായത്ത് വിഹിതം മുതലായവയാണ് ചെലവഴിക്കാതെ നഷ്ടപ്പെടുത്തിയത്. വിശദാംശം ചുവടെ ചേർക്കുന്നു.

| | ഫണ്ട് | പ്രോജക്ടുകൾക്ക് വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1 | പൊതുവിഭാഗം വികസനഫണ്ട് | 3059498 | ഇല്ല |
| 2 | എസ്.സി.പി | 2250000 | ഇല്ല |
| 3 | ടി.എസ്.പി | 103000 | ഇല്ല |
| 4 | ധനകാര്യകമ്മീഷൻ ഗ്രാന്റ് | 2856000 | 117000 |
| 5 | റോഡ് സംരക്ഷണം | 11751000 | 2732056 |
| 6 | റോഡിതരം | 795000 | 247128 |
| 7 | കേന്ദ്രാവിഷ്കൃതം | 2599712 | 369375 |
| 8 | ബ്ളോക്ക് പഞ്ചായത്ത് വിഹിതം | 74273 | ഇല്ല |
| 9 | ജില്ല പഞ്ചായത്ത് വിഹിതം | 1800000 | ഇല്ല |
| | ആകെ | 25288483 | 3465559 |

വകയിരുത്തിയ തുകയുടെ 13.7% മാത്രമാണ് ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന് പശ്ചാത്തല മേഖലയിൽ ചെലവഴിക്കാനായത്.

പശ്ചാത്തലമേഖലയിൽ 2019-20ൽ അംഗീകരിച്ച 91 പ്രോജക്ടുകളിൽ 71 എണ്ണം നടപ്പാക്കിയില്ല. നടപ്പാക്കാഞ്ഞ പ്രോജക്ടുകളിലൂടെയാണ് ഫണ്ട് നഷ്ടമായത്. പ്രോജക്ടുകൾ നടപ്പാക്കാഞ്ഞതിനാൽ പശ്ചാത്തല മേഖലയുടെ വികസനവും പരിമിതപ്പെട്ടു. ഈ വസ്തുതകളിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മരാമത്ത് പ്രോജക്ടുകളുടെ ബില്ലുകൾ ട്രഷറിയിൽ ക്യൂ ബില്ലുകളായതാണ് ചെലവ് കുറയാൻ കാരണമായതെന്ന് അസി. എഞ്ചിനിയർ മറുപടി നൽകി.

2019-20ലെ പ്രോജക്ടുകൾ വർഷാരംഭത്തിനു മുമ്പായി അംഗീകരിച്ചതാണ്. സർക്കാർ നിർദേശങ്ങൾ പാലിച്ച് ആസൂത്രണ മാർഗരേഖയിലെ പ്രോജക്ട് നിർവഹണ കലണ്ടർ കൃത്യമായി പാലിച്ചിരുന്നെങ്കിൽ ഗ്രാമപഞ്ചായത്തിന്റെ മരാമത്ത് പ്രോജക്ടുകൾ ക്യൂ ബില്ലുകളായ അവസ്ഥ ഒഴിവാക്കാമായിരുന്നു. 2019-20 ലെ പ്രോജക്ടുകൾ ഏറെയും സ്പിൽ ഓവറായതുമൂലം പശ്ചാത്തല മേഖലയിലെ 2020-21 പദ്ധതി നിർവഹണത്തേയും പരിമിതപ്പെടുത്തി.

നിർവഹണ കലണ്ടർ തയ്യാറാക്കി പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പാക്കി ഫണ്ട് നഷ്ടം ഒഴിവാക്കുവാൻ ഗ്രാമപഞ്ചായത്ത് ഭരണസമിതിയും വികസന സ്ഥിരം സമിതിയും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-20 ഇടയാടി തോട് സംരക്ഷണം : എം.ബുക്കിലെ അളവിൽ കയർഭൂവസ്ത്രം വിരിച്ചില്ല

ഇടയാടി തോട് സംരക്ഷണ പ്രോജക്ടിൽ എം.ബുക്കിൽ രേഖപ്പെടുത്തിയ അളവിൽ കയർഭൂവസ്ത്രം വിരിച്ചില്ല.

കയർ ഭൂവസ്ത്രം വിരിച്ച് തോട് സംരക്ഷിക്കുന്നതിന് തൊഴിലുറപ്പിന്റെ ഭാഗമായി 2019-20 ലാണ് ഗ്രാമപഞ്ചായത്ത് പ്രോജക്ട് നടപ്പാക്കിയത്. ഓഡിറ്റിന്റെ ഭാഗമായി 17/08/2021 ൽ പ്രോജക്ട് പ്രദേശത്ത് നടത്തിയ ഭൗതിക പരിശോധനയിലാണ് എം.ബുക്കിൽ രേഖപ്പെടുത്തിയ അളവിൽ കയർ ഭൂവസ്ത്രം വിരിക്കാൻ തോടിന് നീളമില്ലെന്ന് വ്യക്തമായത്.

തോടിന്റെ ഇരുകരകളിലും 500മീറ്റർ നീളത്തിലും 2.20 മീറ്റർ വീതിയിലും 2200m² വിസ്തൃതിയിൽ കയർ ഭൂവസ്ത്രം വിരിക്കുവാനായിരുന്ന പ്രോജക്ടിന്റെ എസ്റ്റിമേറ്റ്. എസ്റ്റിമേറ്റ് അനുസരിച്ച് പണി നടത്തിയതായി എം.ബുക്കി(36/19-20)ൽ രേഖപ്പെടുത്തിയിട്ടുണ്ട്. എം.ബുക്കിലെ ആകെ മൂല്യം അടിസ്ഥാനമാക്കി വേതനം (151248രൂപ), സാധനം(146000രൂപ) എന്നിവയ്ക്ക് 297248 രൂപ ചെലവഴിച്ചിട്ടുണ്ട്. ഭൗതികപരിശോധനയിൽ തോടിന് 500 മീറ്റർ നീളം ഇല്ലെന്ന് കണ്ടു. തോടിന്റെ ഇരുകരകളിലേക്കും പ്രവേശിക്കാൻ പൊതുവഴിയില്ല. സ്വകാര്യഭൂമിയിൽ കൂടിയാണ് തോട് കടന്ന് പോകുന്നത്. ഇരുകരകളിലും പാഴ്മരങ്ങൾ വളർന്ന് തോട്ടിലേക്ക് പ്രവേശം സാധ്യമല്ലാത്തതിനാൽ തോടിന്റെ നീളം ടേപ്പ് പിടിച്ച് അളക്കാൻ ഭൗതികപരിശോധനയിൽ കഴിഞ്ഞില്ല. എന്നാൽ തോടിന്റെ തുടക്കവും അവസാനവും പരിശോധിച്ചതിലും തോടിന്റെ വലത് വശത്തെ സ്വകാര്യവസ്തുക്കൾ കഴിഞ്ഞുള്ള റോഡിലൂടെ നടന്ന് പരിശോധിച്ചതും അടിസ്ഥാനമാക്കുമ്പോൾ തോടിന്റെ നീളം എം.ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്ന 500 മീറ്റർ ഇല്ലെന്ന് വ്യക്തമാണ്. മാത്രമല്ല തോട് അവസാനിക്കുന്നിടത്ത് വസ്തു ഉടമ 15 മീറ്റർ നീളത്തിൽ കൽക്കെട്ട് പണിതിട്ടുണ്ട്. ഇവിടെ കയർഭൂവസ്ത്രം വിരിക്കേണ്ടതില്ല. കൽക്കെട്ടിന്റെ നീളവും തോടിന്റെ നീളത്തിൽ നിന്ന് കുറച്ചിട്ടില്ല. തോടിന് കണക്കാക്കാവുന്ന പരമാവധി നീളം 200മീറ്റർ മാത്രമാണ്. ഈ നീളം അടിസ്ഥാനമാക്കുമ്പോൾ എസ്റ്റിമേറ്റ്, എം. ബുക്ക് എന്നിവ അനുസരിച്ചുള്ള വിസ്തൃതിയിൽ കയർ ഭൂവസ്ത്രം വിരിക്കുവാൻ സാധ്യമല്ലെന്ന് വ്യക്തമാണ്.

200മീറ്റർ നീളം അടിസ്ഥാനമാക്കിയാൽ ഏറ്റവും കൂടിയത് 880 (2×200X2.2)M²വിസ്തൃതിയിൽ കയർ ഭൂവസ്ത്രം വിരിച്ചിരിക്കാൻ കഴിഞ്ഞേക്കും. അധികം വിരിച്ചതായി എം.ബുക്കിൽ രേഖപ്പെടുത്തിയ 1320m²കയർ ഭൂവസ്ത്രത്തിന്റെ വില 90090 രൂപയും ഇത് വിരിക്കാൻ തൊഴിലാളികൾക്ക് നല്കിയ വേതനവും ഗ്രാമപഞ്ചായത്തിന് അധിക ചെലവാണ്. തോടിന്റെ നീളം കൃത്യമായി നിർണയിക്കാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല. അതിനാൽ അധിക ചെലവ് 90090 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ജലസേചന വകുപ്പിൽ നിന്നുള്ള രേഖകളും എംജിഎൻആർഇജിഎസ് പുളിക്കീഴ് ബ്ളോക്ക് പ്രോജക്ട് ഓഫീസറുടെ സാക്ഷ്യ പത്രവും ഹാജരാക്കി തോടിന്റെ നീളം 500 മീറ്ററാണെന്ന് തെളിയിച്ച് ഓഡിറ്റ് തടസം ഒഴിവാക്കാവുന്നതാണ്.

ഭൗതികപരിശോധനയിൽ വിശദീകരിക്കാത്ത കാര്യങ്ങളാണ് ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ അസി.സെക്രട്ടറി വ്യക്തമാക്കിയത്. തോടിന് മുകളിലെ കലുങ്കിന് ഇടത് വശത്തുള്ള ഇരുകരകളാണ് പ്രോജക്ട് പ്രദേശമായി ഭൗതികപരിശോധനയിൽ കാണിച്ചത്. ഇതിന് 500മീറ്റർ നീളം ഇല്ലെന്ന് ഓഡിറ്റ് വ്യക്തമാക്കിയപ്പോൾ മറുപടിയിൽ കലുങ്കിന് വലത് വശത്ത് 300മീറ്റർ കൂടി പ്രോജക്ട് പ്രദേശമായി ഗ്രാമപഞ്ചായത്ത് വാദിക്കുന്നു. ഇത് അംഗീകരിക്കാൻ കഴിയില്ല. ഭൗതികപരിശോധനയിൽ ടേപ്പ് ഉപയോഗിച്ച് തോടിന്റെ നീളം അളക്കാൻ കഴിയാഞ്ഞതുകൊണ്ട് അധികചെലവ് 90090രൂപ ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടമായി ഓഡിറ്റിൽ നിർണയിച്ചിട്ടില്ല.

## 1-21 ടെണ്ടർ കുറവ് തിരിച്ചടച്ചു

മരാമത്ത് ബില്ല് തീർപ്പാക്കിയപ്പോൾ കുറയ്ക്കാതിരുന്ന ടെണ്ടർ കുറവ് ഓഡിറ്റ് കണ്ടെത്തിയപ്പോൾ തിരിച്ചടച്ചു. 1830 രൂപയാണ് ഓഡിറ്റ് അന്വേഷണം (നം.3/2021/12.08.2021)നൽകിയതിനെ തുടർന്ന് ഗ്രാമപഞ്ചായത്ത് ഫണ്ടിൽ അടച്ചത് (രസീത് നം.121030100713/12.8.2021).

പ്രോജക്ട് 190/2020-21: കരുവേലിപ്പടി കാക്കാനാട്ട് പടി റോഡ് റീ കോൺക്രീറ്റിംഗ്. ടെണ്ടർ കുറവ് 4.1% കുറയ്ക്കാതെ കരാറുകാരന്റെ ബില്ല് തീർപ്പാക്കി. എം.ബുക്ക് 103/2019-20. ആകെ മൂല്യം 44630 രൂപ. ആകെ മൂല്യത്തിന്റെ 4.1%-1830രൂപ. റോഡ് സംരക്ഷണഗ്രാന്റിൽ നിന്നാണ് ചെലവ്. അതിനാൽ തിരിച്ചടച്ച 1830 രൂപ സർക്കാരിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## 2-1 ടാർ ബാരൽ വില ഈടാക്കിയില്ല

റീ-ടാറിംഗ് പണികൾക്ക് ഉപയോഗിച്ച ടാറിന്റെ ബാരൽ വില ഈടാക്കിയില്ല. വേലകളുടെ എസ്റ്റിമേറ്റിൽ പാക്കഡ് ബിറ്റുമിൻ നിരക്കാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. (ഡിഎസ്ആർ2016, കോസ്റ്റ് ഇൻഡക്സ്44.12%). ഈ നിരക്കിൽ ഗ്രാമപഞ്ചായത്ത് ബാരലിന്റെ വിലയുൾപ്പെടെയാണ് കരാറുകാർക്ക് ടാറിന്റെ വില നല്കുന്നത്. അതിനാൽ ടാർ ഉപയോഗിച്ച ശേഷം ബാരൽ/ബാരൽ വില ഗ്രാമപഞ്ചായത്തിന് നല്കേണ്ടതാണ്. എസ്റ്റിമേറ്റിൽ പറയുന്ന ടാർ പ്രവൃത്തിക്ക് ഉപയോഗിച്ചു എന്ന് ഉറപ്പാക്കുന്നതിന് ബാരൽ അല്ലെങ്കിൽ വില ഈടാക്കേണ്ടത് ആവശ്യമാണ്. ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്ത് നടത്തിയ റീടാറിംഗ് പ്രവൃത്തികളിൽ രണ്ടെണ്ണം ഒഴികെ എല്ലാത്തിലും 292രൂപ(നികുതി ഉൾപ്പെടെ) നിരക്കിൽ ബാരൽ വില ഈടാക്കിയിട്ടുണ്ട്.

ഈ വിഷയത്തിൽ ഓഡിറ്റ് അന്വേഷണം(13/2021,27.08.21) നല്കിയെങ്കി ലും മറുപടി ലഭിച്ചില്ല.

ബാരൽ വില തനത് വരവ് ആണ്. ബാരൽ വില ഈടാക്കാത്ത രണ്ട് പ്രവൃത്തികളിൽ ഉണ്ടായ വരവ് നഷ്ടം താഴെ വിവരിക്കുന്നു. എസ്റ്റിമേറ്റ്, എം.ബുക്ക് എന്നിവ അടിസ്ഥാനമാക്കിയാണ് ഉപയോഗിച്ച ബാരലുകളുടെ എണ്ണം ഓഡിറ്റ് നിർണയിച്ചിട്ടുള്ളത്.

| ക്രമനം. | പ്രോജക്ട് | പ്രോജക്ട് വിവരണം | ഉപയോഗിച്ചിരിക്കാവുന്ന ബാരലുകളുടെ എണ്ണം(ഓഡിറ്റ് നിർണയിച്ചത്.) | ഈടാക്കേണ്ടിയിരുന്ന ബാരൽ വില |
|---|---|---|---|---|
| 1 | 26/19-ഇളകുറ്റർ-പനച്ചയിൽപ്പടി റോഡ് റീ ടാറിംഗ്.<br>അടങ്കൽ 1071000രൂപ (എംജി റോഡ്)<br>കരാറുകാരൻ-പി.എ മാത്യു<br>നിർവഹണം-ജലിം.എസ്. അസി.എഞ്ചിനിയർ | എം.ബുക്ക് 36/18-19. ആകെ മൂല്യം 1033515 രൂപ.<br>ട്രഷറി ചെക്ക് 2739502/22.3.19-500000രൂപ.<br>ബിൽ 4/15.05.2019-533515രൂപ.<br>87ബാരലിന്റെ ബിൽ ഫയലിൽ ഉണ്ട്. | 137 | 40004 |
| 2 | 34/19-പിറ്റിപിഎം കല്ലൂർകുളം റോഡ് റീ ടാറിംഗ്<br>കരാറുകാരൻ-പി.എ മാത്യു<br>നിർവഹണം-ജലിം.എസ്. അസി.എഞ്ചിനിയർ | എം.ബുക്ക്-35/18-19, ആകെ മൂല്യം 227071രൂപ.<br>ട്രഷറി 5/15.5.2019-227071രൂപ.<br>ടാറിന്റെ ബില്ല് ഫയലിൽ ഇല്ല. | 37 | 10804 |
| | ആകെ | | | 50808 |

മുകളിലെ പത്രികയിൽ നിർണയിച്ച നഷ്ടം പ്രവൃത്തി നടത്തിയ കരാറുകാരനിൽ നിന്നോ അതിന് കഴിഞ്ഞില്ലെങ്കിൽ ബാരൽ വില കുറയ്ക്കാതെ ബില്ല് തീർപ്പാക്കി ഗ്രാമപഞ്ചായത്തിന് വരവ് നഷ്ടം വരുത്തിയ നിർവഹണഉദ്യോഗസ്ഥനി (അസി.എഞ്ചിനിയർ) ൽനിന്നോ ഈടാക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 09.08.2021 | കെ.എസ്.എ. പി.ടി.എ. പി4/609/2021 |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2019-20 | 500000 | പാലിയേറ്റീവ് കെയർ | 500000 | 0 |
| | 2019-20 | 100000 | അനുപൂരക പോഷകാഹാരം | 100000 | 0 |
| | 2019-20 | 150000 | സ്കോളർഷിപ്പ് | 150000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 139398 | സ്കോളർഷിപ്പ് | 139398 | 0 |
| | 2019-20 | 33122 | പാലിന് സബ്സിഡി | 33122 | 0 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| KWA | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 1808100 | 0 | 1808100 |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ | 763923 | 763923 | 132353 | -- | 631570 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| ഇല്ല | | | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ.

| ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 2012-13 | 2-4 | 2012-13 | 2 | ഫ്രണ്ട് ഓഫീസിൽ ടോക്കൺ സംവിധാനം ഏർപ്പെടുത്തിയില്ല | നിയമസഭ സമിതിയുടെ പരിഗണനയിലാണ് |
| 2014-15 | 2-2 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി | |
| 2015-16 | 2-2 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് മുന്നിരിപ്പ് ഉൾപ്പെടെ | : | 51070248 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 41113688 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 50808 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 125748 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 2-1 | 50808 | എസ്. ജലിം, അസിസ്റ്റന്റ് എൻജിനിയർ |

സി ) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 35658 | മെഹ്റുന്നീസ ബീഗം, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 1-20 | 90090 | ശ്രീ. കെ. രാജീവ്, അസിസ്റ്റന്റ് എൻജിനിയർ (എൻ.ആർ.ഇ.ജി.എസ്.) |
| ആകെ | 125748 | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

1-20

(എഫ്)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | |
| പി.കെ.രാജീവ്, അസിസ്റ്റന്റ് എൻജിനിയർ, എം.ജി.എൻ.ആർ. ഇ.ജി.എസ്. | അസിസ്റ്റന്റ് എൻജിനിയർ, എം.ജി.എൻ.ആർ.ഇ.ജി.എസ്., കുറ്റൂർ ഗ്രാമപഞ്ചായത്ത് | താലക്കോട്ട പുത്തൻപറമ്പിൽ കുറ്റപ്പുഴ പി.ഒ തിരുവല്ല പത്തനംതിട്ട |
| മെഹ്റുന്നീസ ബീഗം, ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ, നേമം (അഡീഷണൽ), തിരുവനന്തപുരം | സി.ആർ.എ.2/ ആലിഫ് മൻസിൽ, വാഴ്ട്ട് കോണം, വട്ടിയൂർകോണം, തിരുവനന്തപുരം |
| എസ്. ജലീം, അസിസ്റ്റന്റ് എൻജിനിയർ, എൽ.എസ്.ജി.ഡി. | അസിസ്റ്റന്റ് എഞ്ചിനീയർ, നാരങ്ങാനം ഗ്രാമപഞ്ചായത്ത് | ഷാമിന മൻസിൽ, പാപ്പനംകോട് പി ഒ പാലോട്, തിരുവനന്തപുരം 695563 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.പിറ്റി.എ/പി3/395/98 തീ.11.1.2000/13.3.2000 | 2 |
| 1997-98 | എൽ.എഫ്.പിറ്റി.എ/പി3/587/98 തീ.24.3.2000/10.10.2000 | 3 |
| 1998-99 | എൽ.എഫ്.പിറ്റി.എ/പി3/455/01 തീ.9.11.2001/25.1.2002 | 19 |
| 1999-2000 | എൽ.എഫ്.പിറ്റി.എ/പി4/610/02 തീ.03.3.2003/19.4.2003 | 15 |
| 2000-01 | എൽ.എഫ്.പിറ്റി.എ/പി4/289/03 തീ.09.10.2003/16.12.2004 | 38 |
| 2001-02 | എൽ.എഫ്.പിറ്റി.എ/പി4/582/04 തീ.14.10.2004/14.2.2005 | 13 |
| 2002-03 (ചെലവ്) | എൽ.എഫ്.പിറ്റി.എ/പി8/535/06 തീ.04.10.2006/06.8.2007 | 8 |
| 2003-04 | എൽ.എഫ്.പിറ്റി.എ/പി5/565/08 തീ.30.5.2009 | 1 |
| 2004-05 | എൽ.എഫ്.പിറ്റി.എ/പി5/566/08 തീ.30.5.2009 | 3 |
| 2005-06 | എൽ.എഫ്.പിറ്റി.എ/പി6/251/09 തീ.10.8.2009 | 6 |
| 2006-07 | എൽ.എഫ്.പിറ്റി.എ/പി11/171/11 തീ.30.11.2011 | 18 |
| 2007-08മുതൽ 2009-10 വരെ | എൽ.എഫ്.പിറ്റി.എ/പി11/821/12 തീ.19.10.2012/22.3.2013 | 2 |
| 2010-11മുതൽ 2012-13 വരെ | എൽ.എഫ്.പിറ്റി.എ/പി11/1055/13 തീ.16.10.2014 | 11 |
| 2013-14മുതൽ 14-15 വരെ | എൽ.എഫ്.പി.റ്റി.എ.പി4/295/16 തീ.28.3.16/1.4.16 | 5 |
| 2015-16 | കെ.എസ്.എ.പി.റ്റി.എ.പി4/1115/16/ തീ.5.10.2016 | 21 |
| 2016-17 | കെ.എസ്.എ.പി.റ്റി.എ.പി4/1031/17 തീ.15.09.17 | 21 |

| | | |
|---|---|---|
| 2017-18 | കെ.എസ്.എ.പി.റ്റി.എ.പി4.1521/2018 തീയതി 12.12.2018 | 25 |
| 2018-19 | കെ.എസ്.എ.പി.റ്റി.എ.പി4-710/19/2018 തീയതി 17.08.2019 | 30 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ കുറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ കുറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്